**പതിനഞ്ചാം കേരള നിയമസഭ**

**മത്സ്യത്തൊഴിലാളികളുടെയും**
**അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം**
**സംബന്ധിച്ച സമിതി**
**(2023-2026)**

**എട്ടാമത് റിപ്പോർട്ട്**

(2025 മാർച്ച് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2016-2019)-യുടെ മൂന്നാമത് റിപ്പോർട്ടിലെ (2015 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെ സമിതി പരിഗണിച്ച പരാതികൾ/വിഷയങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ജനറൽ റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

**പതിനഞ്ചാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**എട്ടാമത് റിപ്പോർട്ട്**

(2025 മാർച്ച് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2016-2019)-യുടെ മൂന്നാമത് റിപ്പോർട്ടിലെ (2015 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെ സമിതി പരിഗണിച്ച പരാതികൾ/വിഷയങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ജനറൽ റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

## ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | - | |
| ആമുഖം | - | |
| റിപ്പോർട്ട് | - | 1 |
| അദ്ധ്യായം I സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും | | 2 |
| അദ്ധ്യായം II സമിതി ശിപാർശയിന്മേൽ ആരാഞ്ഞ അധികവിവരത്തിന്മേൽ മറുപടി ലഭ്യമാക്കാത്തവയുടെ വിശദാംശം | | 20 |

**മത്സ്യത്തൊഴിലാളികളുടെയും**
**അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം**
**സംബന്ധിച്ച സമിതി (2023-2026)**

**ഘടന**

**<u>ചെയർപേഴ്സൺ</u> :**

ശ്രീ. പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.

**<u>അംഗങ്ങൾ</u>** :

ശ്രീ. എൻ.കെ. അക്ബർ, എം.എൽ.എ.

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീമതി കാനത്തിൽ ജമീല, എം.എൽ.എ.

ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. വി. ശശി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>** :

ഡോ.എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. കെ.ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

# ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2023-2026) –യുടെ ചെയർപേഴ്സൺ ആയ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2016-2019) –യുടെ മൂന്നാമത് റിപ്പോർട്ട് 2018 മാർച്ച് മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്. ഈ റിപ്പോർട്ടിൽ രണ്ട് അദ്ധ്യായങ്ങളാണുള്ളത്. സമിതിയുടെ ശിപാർശകൾ, അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകൾ എന്നിവ ഒന്നാമത്തെ അദ്ധ്യായത്തിലും സമിതി ശിപാർശയിന്മേൽ ആരാഞ്ഞ അധികവിവരത്തിന്മേൽ മറുപടി ലഭ്യമാക്കാത്തവ രണ്ടാമത്തെ അദ്ധ്യായത്തിലും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി.പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2025 മാർച്ച് 24

# റിപ്പോർട്ട്

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019) 2015 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മൂന്നാമത് റിപ്പോർട്ട് 2018 മാർച്ച് 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 9 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിൻമേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് 21.08.2018-ൽ മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം, ദുരന്ത നിവാരണം, ആരോഗ്യ കുടുംബക്ഷേമം, ഭക്ഷ്യ പൊതുവിതരണം, പാർലമെന്ററികാര്യം എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിൻമേൽ മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം, ദുരന്ത നിവാരണം, ആരോഗ്യ കുടുംബക്ഷേമം, ഭക്ഷ്യ പൊതുവിതരണം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്. ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാമത്തെ അദ്ധ്യായത്തിൽ സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകളും രണ്ടാമത്തെ അദ്ധ്യായത്തിൽ സമിതി ശിപാർശയിന്മേൽ ആരാഞ്ഞ അധികവിവരത്തിന്മേൽ മറുപടി ലഭ്യമാക്കാത്തവയും ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം - I

### ഖണ്ഡിക 13

### ശിപാർശ

തീരപ്രദേശത്ത് മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാകയാൽ പലപ്പോഴും പകർച്ചവ്യാധികൾ വളരെവേഗം പടർന്നുപിടിക്കാറുണ്ടെന്നും ഈ വിഷയത്തിന്മേൽ അടിയന്തരമായി പരിഹാരം ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ആധിക്യം പരിഗണിച്ച് പ്രസ്തുത മേഖലയിലെ നിലവിലുള്ള ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും മത്സ്യത്തൊഴിലാളി മേഖലയിലെ സബ് സെന്ററുകളുടെയും പി. എച്ച്. സി.കളുടെയും പദവി ഉയർത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

(ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്, 06.06.2019-ലെ HEALTH-M1/ 637/2018-HEALTH നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളേയും ഘട്ടം ഘട്ടമായി അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗി സൗഹൃദമാക്കുക എന്നതാണ് സർക്കാർ നയം. ഇതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുമ്പോൾ തീരദേശ മേഖലക്കും മറ്റു പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്കും മുൻഗണന നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് പത്തനംതിട്ട, ഇടുക്കി, കോട്ടയം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ തീരദേശ മേഖല ആസ്ഥാനങ്ങളില്ല. തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ, തിരുവല്ലം, മുക്കോല, പെരുമാതുറ, പുതുക്കുറിച്ചി, വേളി, വെട്ടൂർ, ഇടവ തുടങ്ങിയ എല്ലാ തീരദേശ മേഖലാ പി. എച്ച്. സി.കളും കൊല്ലം ജില്ലയിലെ പൊഴിക്കര, ശക്തികുളങ്ങര, ചവറ, അഴീക്കൽ, ആലപ്പാട്, ഇരവിപുരം എന്നീ ആരോഗ്യകേന്ദ്രങ്ങളും ആലപ്പുഴ ജില്ലയിലെ പള്ളിത്തോട്, ചേർത്തല സൗത്ത്, എഴുപുന്ന, വല്ലേത്തോട്, കടക്കരപ്പള്ളി, പുന്നപ്ര സൗത്ത്, തോട്ടപ്പള്ളി, ആറാട്ടുപുഴ, കാർത്തികപ്പള്ളി, ചിങ്ങോലി, ദേവികുളങ്ങര, കരുവാറ്റ തുടങ്ങി എല്ലാ തീരദേശ മേഖലാ പി. എച്ച്. സി.കളും വെട്ടയ്ക്കൽ, ആറാട്ടുപുഴ എന്നീ സി. എച്ച്. സി.കളും എറണാകുളം

ജില്ലയിലെ ചെല്ലാനം, കണ്ടക്കടവ്, എടവനക്കാട്, നായരമ്പലം, മുനമ്പം, പനങ്ങാട്, ഉദയംപേരൂർ, കരുവേലിപ്പടി എന്നീ ആരോഗ്യകേന്ദ്രങ്ങളും തൃശ്ശൂർ ജില്ലയിലെ അണ്ടത്തോട്, ഒരുമനയൂർ, നാട്ടിക, ചാമക്കാല, കൈപ്പമംഗലം, പടിഞ്ഞാറേ വേമ്പല്ലൂർ, മേത്തല, മാടവന എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും പുന്നയൂർ, തളിക്കുളം എന്നീ എഫ്. എച്ച്. സി.കളും ചാവക്കാട്, കൊടുങ്ങല്ലൂർ എന്നീ താലൂക്കാശുപത്രികളും കണ്ണൂർ ജില്ലയിൽ രാമന്തളി, മുഴപ്പിലങ്ങാട്, മാട്ടൂൽ, മൊറാഴ, എടക്കാട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കണ്ണൂർ ജില്ലാ ആശുപത്രിയും കോഴിക്കോട് ജില്ലയിൽ ഇരിങ്ങൽ, താഴെങ്ങാടി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കോഴിക്കോട് ജനറൽ ആശുപത്രിയും കൊയിലാണ്ടി താലൂക്കാശുപത്രിയും മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി, തേവർ കടപ്പുറം, പാലപ്പെട്ടി, വെളിയക്കോട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കൂട്ടായി ജി. എഫ്. ഡി., പൊന്നാനി താലൂക്കാശുപത്രിയും കാസറഗോഡ് ജില്ലയിൽ വലിയപറമ്പ, മാവില കടപ്പുറം, തൈക്കടപ്പുറം, അജാനൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉദുമ എഫ്. എച്ച്. സി. യും ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റി ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(8.12.2021-ലെ യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

**സമിതി ആരാഞ്ഞ അധിക വിവരം**

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ തീരദേശ മേഖലയിലെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേകം പദ്ധതി നടപ്പിലാക്കാനും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത തീരദേശ മേഖലയിലെ ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും വേണ്ട നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**അധികവിവരത്തിനുള്ള മറുപടി**

(ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്, 24.02.2023-ലെ HEALTH-M1/ 637/2018-HEALTH നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ തീരദേശ മേഖലകളിലെ ആരോഗ്യസ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| തിരുവനന്തപുരം | | |
|---|---|---|
| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിലവിലെ സ്ഥിതി |
| 1. | എഫ്.എച്ച്.സി കോട്ടുകാൽ | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (2017-18) ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. |
| 2. | എഫ്.എച്ച്.സി കുളത്തൂർ | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (2018-19) ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. |
| 3. | എഫ്.എച്ച്.സി പൊഴിയൂർ | |
| 4. | എഫ്.എച്ച്.സി ഇടവ | |
| 5. | എഫ്.എച്ച്.സി മുക്കോല | |
| 6. | എഫ്.എച്ച്.സി പെരുമാതുറ | |
| 7. | എഫ്.എച്ച്.സി വേളി | |
| 8. | എഫ്.എച്ച്.സി പൂന്തുറ | |
| 9. | എഫ്.എച്ച്.സി തിരുവല്ലം | |
| 10. | എഫ്.എച്ച്.സി പുതുകുറിച്ചി | |
| 11. | എഫ്.എച്ച്.സി വെട്ടൂർ | |
| 12. | എഫ്.എച്ച്.സി കാഞ്ഞിരംകുളം | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ (2019-20) ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന നടപടികൾ പുരോഗമിക്കുന്നു. |
| കൊല്ലം | | |
| 13. | ആലപ്പാട് പി.എച്ച്.സി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (2018-19) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. |
| 14. | അഴീക്കൽ പി.എച്ച്.സി | |
| 15. | പൊഴിക്കര പി.എച്ച്.സി | |
| 16. | ശക്തികുളങ്ങര പി.എച്ച്.സി | |
| 17. | വള്ളിക്കാവ് പി.എച്ച്.സി | |
| 18. | മയ്യനാട് സി.എച്ച്.സി | |
| 19. | തെക്കുംഭാഗം സി.എച്ച്.സി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (2018-19) കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ആയതിന്റെ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. |
| 20. | ചവറ എഫ്.എച്ച്.സി | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (2017-18) ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തീകരിച്ചു. |

| | | |
|---|---|---|
| 21. | ചവറ സി.എച്ച്.സി | ഡി.എച്ച്.എസ് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തികൾക്കായി WAPCOS നെ ചുമതലപ്പെടുത്തി. |
| 22. | ഇരവിപുരം പി.എച്ച്.സി | NHM ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം ആരംഭിച്ചു. |
| **ആലപ്പുഴ** | | |
| 23. | ഡബ്ല്യൂ& സി ആലപ്പുഴ | ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്ക് ആശുപത്രിയിൽ ആർദ്രം പ്രകാരം അനുവദിച്ച 1.18 കോടി രൂപ ഡബ്ല്യൂ&സി ആശുപത്രിയിലെ ഒ.പി.ഡി ട്രാൻസ്ഫോർമേഷനു വേണ്ടി മാറ്റി നൽകുന്നതിലേക്കായിട്ടുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പരിശോധിച്ചു വരുന്നു. |
| 24. | ചെട്ടികാട് താലൂക്ക് ആശുപത്രി | പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 25. | വെട്ടയ്ക്കൽ പി.എച്ച്.സി | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (2017-18) ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു. |
| 26. | അരൂർ പി.എച്ച്.സി | |
| 27. | ആറാട്ടുപുഴ പി.എച്ച്.സി | |
| 28. | കണ്ടല്ലൂർ പി.എച്ച്.സി | |
| 29. | പുന്നപ്ര നോർത്ത് പി.എച്ച്.സി | |
| 30. | ജി.എഫ്.ഡി പല്ലന | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (2018-19) ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു. |
| 31. | തോട്ടപ്പള്ളി പി.എച്ച്.സി | |
| 32. | കാർത്തികപ്പള്ളി പി.എച്ച്.സി | |
| 33. | മാരാരിക്കുളം നോർത്ത് പി.എച്ച്.സി | |
| 34. | അമ്പലപ്പുഴ നോർത്ത് പി.എച്ച്.സി | |
| 35. | പുറക്കാട് പി.എച്ച്.സി | |
| 36. | ചേർത്തല സൗത്ത് പി.എച്ച്.സി | |
| 37. | വല്ലത്തോട് എഫ്.എച്ച്.സി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (2018-19) ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നിർമ്മാണം പൂർത്തീകരിച്ചു. |
| 38. | പള്ളിത്തോട് പി.എച്ച്.സി | |
| 39. | കരുവറ്റ എഫ്.എച്ച്.സി | പ്ലാൻ ഫണ്ടിൽ നിന്നും തീരദേശ |

| | | |
|---|---|---|
| | | ആശുപത്രിയ്ക്കായി 2.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| 40. | കടക്കരപ്പള്ളി എഫ്.എച്ച്.സി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിന് തിരഞ്ഞെടുക്കുകയും ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള റീ ടെണ്ടർ പുരോഗമിക്കുന്നു. |
| 41. | പുന്നപ്ര സൗത്ത് എഫ്.എച്ച്.സി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാം ഘട്ട നിർമ്മാണം പുരോഗമിക്കുന്നു. |
| 42. | ചിങ്ങോലി എഫ്.എച്ച്.സി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുത്തു. ആയതിന്റെ നിർമ്മാണ പ്രവർത്തികൾക്കുള്ള ഡി.പി.ആർ തയ്യാറാക്കി. |
| 43. | GFD ആറാട്ടുപുഴ | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുത്തു. ആയതിന്റെ നിർമ്മാണ പ്രവർത്തികൾക്കുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരി ച്ചു വരുന്നു. |
| 44. | യു.എച്ച്.റ്റി.സി അമ്പലപ്പുഴ | ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുക്കുകയും ആയതിന്റെ 60% വർക്ക് പൂർത്തീകരിച്ചു. |
| 45. | സി.എച്ച്.സി മുതുകുളം | ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള 20% വർക്ക് പൂർത്തീകരിച്ചു. |
| 46. | സി.എച്ച്.സി തൃക്കുന്നപ്പുഴ | ആർദ്രം പദ്ധതി പ്രകാരം ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ ഡി.പി.ആർ നടപടികൾ പുരോഗമിക്കുന്നു. |

| | | |
|---|---|---|
| **എറണാകുളം** | | |
| 47 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ കരുവേലിപ്പടി | ഒ.പി.ഡി ട്രാൻസ്ഫോർമേഷനു വേണ്ടിയുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. |
| 48 | സാമൂഹികാരോഗ്യ കേന്ദ്രം മാലിപ്പുറം | ബ്ലോക്ക് ലെവൽ സി.എച്ച്.സി.യെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിനായി തിരഞ്ഞെടുക്കുകയും ആയതിന്റെ പ്രവർത്തികൾ പുരോഗമിക്കുന്നു. |

| | | |
|---|---|---|
| 49 | സാമൂഹികാരോഗ്യ കേന്ദ്രം മുനമ്പം | ബ്ലോക്ക് ലെവൽ സി.എച്ച്.സി. യെ ബ്ലോക്ക് തല കുടുംബാരോഗ്യകേന്ദ്ര മാക്കുന്നതിന് തിരഞ്ഞെടുത്ത് ആയതിന്റെ നിർമ്മാണ പ്രവർത്തികൾക്കുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 50 | നായരമ്പലം എഫ്.എച്ച്.സി. | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. |
| 51 | ചെല്ലാനം എഫ്.എച്ച്.സി | |
| 52 | മുനമ്പം എഫ്.എച്ച്.സി. | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. |
| 53 | എടവനക്കാട് എഫ്.എച്ച്.സി | |
| 54 | മുളവുകാട് എഫ്. എച്ച്.സി | |
| 55 | അയ്യമ്പിള്ളി എഫ്.എച്ച്.സി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 56 | ഉദയംപേരൂർ എഫ്.എച്ച്.സി | |
| 57 | കണ്ടക്കടവ് എഫ്.എച്ച്.സി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. സൈറ്റ് CRZ സോണിൽ ആയതിനാൽ നവീകരണം പ്രയാസമാണ്. |
| 58 | പ്രാഥമികാരോഗ്യ കേന്ദ്രം പുതുവൈപ്പ് | CII സ്പോൺസർഷിപ്പ് മുഖേന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തികൾ പുരോഗതിയിലാണ്. കൂടാതെ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| 59 | പ്രാഥമികാരോഗ്യകേന്ദ്രം പിഴല | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുക്കുകയും ആയതിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| **തൃശ്ശൂർ** | | |
| 60 | എഫ്.എച്ച്.സി കുളിമുട്ടം | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. |
| 61 | എഫ്.എച്ച്.സി പുന്നയൂർ | |
| 62 | എഫ്.എച്ച്.സി തളിക്കുളം | |

| | | |
|---|---|---|
| 63 | എഫ്.എച്ച്.സി അണ്ടത്തോട് | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. |
| 64 | എഫ്.എച്ച്.സി എടവിലങ്ങ് | |
| 65 | എഫ്.എച്ച്.സി എങ്ങണ്ടിയൂർ | |
| 66 | എഫ്.എച്ച്.സി കയ്പമംഗലം | |
| 67 | എഫ്.എച്ച്.സി മേത്തല | |
| 68 | എഫ്.എച്ച്.സി മാടവന | |
| 69 | എഫ്.എച്ച്.സി ചാമക്കാല | |
| 70 | എഫ്.എച്ച്.സി.പി. വെമ്പല്ലൂർ | |
| 71 | എഫ്.എച്ച്.സി പൂക്കോട് | |
| 72 | എഫ്.എച്ച്.സി ഒരുമനയൂർ | |
| 73 | എഫ്.എച്ച്.സി നാട്ടിക | |
| 74 | പി.എച്ച്.സി മതിലകം | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. |
| 75 | സി.എച്ച്.സി വാടാനപ്പിള്ളി | ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി ആയതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 76 | സി.എച്ച്.സി. പെരിഞ്ഞനം | ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി ആയതിന്റെ ഭാഗമായിട്ടുള്ള ഡി.പി.ആർ നടപടികൾ പുരോഗമിക്കുന്നു. ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 77 | സി.എച്ച്.സി. കടപ്പുറം | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ ത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 78 | താലൂക്കാശുപത്രി ചാവക്കാട് | ഒ.പി. ട്രാൻസ്ഫോർമേഷൻ നിർമ്മാണം പുരോഗമിക്കുന്നു. |
| 79 | താലൂക്ക് ആശുപത്രി കൊടുങ്ങല്ലൂർ | ഒ.പി. ട്രാൻസ്ഫോർമേഷൻ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **മലപ്പുറം** | | |
| 80 | അത്താണിക്കൽ | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. |

| | | |
|---|---|---|
| 81 | പരപ്പനങ്ങാടി | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. ആയതിന്റെ നിർമ്മാണം പൂർത്തിയാക്കി. |
| 82 | കാലടി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. |
| 83 | കുട്ടായി | |
| 84 | പാലപ്പെട്ടി | |
| 85 | തേവർക്കടപ്പുറം | |
| 86 | വെളിയംകോട് | |
| 87 | മാറഞ്ചേരി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. ആയതിന്റെ സിവിൽ വർക്കുകൾക്കുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| 88 | നന്നംമുക്ക് | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. നബാർഡിന്റെ കീഴിൽ നിർമ്മാണ പ്രവൃത്തി 85% പൂർത്തീകരിച്ചു. |
| 89 | തൃക്കണാപുരം | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 90 | പെരുമ്പടപ്പ് കുടുംബാരോഗ്യകേന്ദ്രം | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്ര മാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| 91 | കടലുണ്ടി നഗരം കുടുംബാരോഗ്യ കേന്ദ്രം | |
| 92 | ജി.എഫ്.ഡി കുട്ടായി | |
| 93 | ഈഴവതിരുത്തി കുടുംബാരോഗ്യ കേന്ദ്രം | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| **കോഴിക്കോട്** | | |
| 94 | എഫ്.എച്ച്.സി ബേപ്പൂർ | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി യിട്ടുണ്ട്. |
| 95 | എഫ്.എച്ച്.സി ചാലിയം | |
| 96 | എഫ്.എച്ച്.സി പുതിയാപ്പ | |
| 97 | എഫ്.എച്ച്.സി ഇരിങ്ങൽ | |
| 98 | എഫ്.എച്ച്.സി വടകര താഴെ അങ്ങാടി | |

| | | |
|---|---|---|
| 99 | എഫ്.എച്ച്.സി മൂടാടി | |
| 100 | എഫ്.എച്ച്.സി അഴിയൂർ | |
| 101 | എഫ്.എച്ച്.സി ചോറോട് | |
| 102 | പി.എച്ച്.സി ചെങ്ങോട്ടുകാവ് | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ആയതിന്റെ നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 103 | പി.എച്ച്.സി മടപ്പള്ളി | ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി യിട്ടുണ്ട്. |
| | **കണ്ണൂർ** | |
| 104 | ചാലിൽ പി.എച്ച്.സി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട് ആയതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 105 | ജില്ലാ ആശുപത്രി കണ്ണൂർ | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി Patient friendly OPD Transformation -ന വേണ്ടി തിരഞ്ഞെടുത്തിരിക്കുന്നു. കൂടാതെ ടി ആശുപത്രിയിൽ മാസ്റ്റർ പ്ലാൻ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| 106 | ധർമ്മടം പി.എച്ച്.സി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. |
| 107 | എടക്കാട് പി.എച്ച്.സി | |
| 108 | കൊടിയേരി പി.എച്ച്.സി | |
| 109 | മുട്ടം പി.എച്ച്.സി | |
| 110 | എട്ടിക്കുളം എഫ്.എച്ച്.സി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. |
| 111 | ജനറൽ ആശുപത്രി, തലശ്ശേരി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി Patient friendly OPD Transformation പൂർത്തിയായി. |
| 112 | മാട്ടൂൽ സി.എച്ച്.സി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി പിന്നീട് സ്ഥാപനത്തെ CHC ആക്കി ഉയർത്തി. |
| 113 | മുഴിപ്പിലങ്ങാട് എഫ്.എച്ച്.സി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി |
| 114 | ന്യൂ മാഹി എഫ്.എച്ച്.സി | |

| | | |
|---|---|---|
| | | യിട്ടുണ്ട്. |
| 115 | പള്ളിക്കുന്ന് പി.എച്ച്.സി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തു ന്നതിനായി തിരഞ്ഞെടുത്തി ട്ടുണ്ട്. |
| 116 | പുതിയങ്ങാടി ഫിഷറീസ് എഫ്.എച്ച്.സി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. |
| 117 | രാമന്തളി എഫ്.എച്ച്.സി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി യിട്ടുണ്ട്. |
| 118 | വളപട്ടണം എഫ്.എച്ച്.സി | |

| കാസർഗോഡ് | | |
|---|---|---|
| 119 | പി.എച്ച്.സി തൈക്കടപ്പുറം | ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. |
| 20 | എഫ്.എച്ച്.സി വലിയപറമ്പ | |
| 121 | പി.എച്ച്.സി മാവിലക്കടപ്പുറം | ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുത്ത് ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| 122 | എഫ്.എച്ച്.സി അജാനൂർ | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. |
| 123 | എഫ്.എച്ച്.സി ആനന്ദാശ്രമം | |
| 124 | പി.എച്ച്.സി പള്ളിക്കര | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്ന തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 125 | എഫ്.എച്ച്.സി ചട്ടാഞ്ചൽ | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. |
| 126 | പി.എച്ച്.സി കളനാട് | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. |
| 127. | എഫ്.എച്ച്.സി ഉദുമ | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി |
| 128 | എഫ്.എച്ച്.സി മൊഗ്രാൽ പുത്തൂർ | |
| 129 | പി.എച്ച്.സി ആരിക്കാടി | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുക്കുകയും |

| | | |
|---|---|---|
| | | നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. |

(28.4.2023-ലെ സമിതി യോഗം അംഗീകരിച്ചു)

**ഖണ്ഡിക 16**

**ശിപാർശ**

മത്സ്യബന്ധന ബോട്ടുകൾ ഇൻഷുറൻസ് പരിരക്ഷ ഇല്ലാതെ കടലിൽ ഇറക്കുന്നത് അനുവദിക്കത്തക്കതാണോയെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പ് പരിശോധിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മത്സ്യബന്ധന ബോട്ടുകൾക്ക് ഇൻഷുറൻസ് പരിരക്ഷ നിർബന്ധമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 28.02.2022-ലെ ബി 3/68/2021/മ.തു.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് ഒരു കോടി രൂപയുടെ അനുമതി നൽകി പൊതുമേഖല സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി മുഖേന നടപ്പിലാക്കി വരികയുമാണ്. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആദ്യ ഘട്ടമായി ഹള്ളിന് മാത്രമായി ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിരുന്നത്. 2018-2019 ൽ 647, 2019-2020 ൽ 856, 2020-2021 ൽ 924, 2021-2022 ൽ 525 മത്സ്യത്തൊഴിലാളികൾ ഗുണഭോക്താക്കളാവുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 2 കോടി രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

(31.3.2022-ലെ സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

**സമിതി ആരാഞ്ഞ അധികവിവരം**

മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം 2018-19, 2019-2020, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഒരു കോടി രൂപ അനുവദിച്ചതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച

2 കോടി രൂപയിൽ എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും ആദ്യ ഘട്ടമായി ഹള്ളിന് മാത്രമായി ഏർപ്പെടുത്തിയിരുന്ന ഇൻഷ്വറൻസ് പരിരക്ഷ യാനങ്ങൾക്ക് മുഴുവനുമായി ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അങ്ങനെയാണെങ്കിൽ ഏതു വർഷം മുതലാണെന്നും മത്സ്യബന്ധന തുറമുഖ വകുപ്പിനോട് ആവശ്യപ്പെട്ടു.

**അധിക വിവരത്തിനുള്ള മറുപടി**

(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 06.06.2023-ലെ ബി3/194/2022/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയുണ്ടായി. 2019-2020 സാമ്പത്തിക വർഷം മുതലാണ് ഹള്ളിനും എൻജിനും ഇൻഷ്വറൻസ് കവറേജ് ബാധകമാക്കിയത്.

വിവിധ വർഷങ്ങളിലായി അനുവദിച്ച തുകയും ചിലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപയിൽ) | ചിലവഴിച്ച തുക (രൂപയിൽ) |
|---|---|---|---|
| 1 | 2018-19 | 1,00,00,000 | 34,49,000 |
| 2 | 2019-20 | 4,00,00,000 | 60,88,130 |
| 3 | 2020-21 | 3,00,00,000 | 1,28,66,720 |
| 4 | 2021-22 | 2,00,00,000 | 1,98,10,494 |

**(8.11.2023-ലെ സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)**

**സമിതി ആരാഞ്ഞ അധികവിവരം**

2018-19, 2019-2020, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരം അനുവദിച്ച തുകയും ചെലവഴിച്ച തുകയും തമ്മിലുള്ള വലിയ അന്തരം നിരീക്ഷിച്ച സമിതി, ഇത്തരത്തിൽ അന്തരം ഉണ്ടാകാനുള്ള കാരണം മത്സ്യബന്ധന തുറമുഖ വകുപ്പിനോട് ആരാഞ്ഞു.

**അധിക വിവരത്തിനുള്ള മറുപടി**

(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്, 06.01.2025-ലെ ബി3/194/2022/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

2018-19 സാമ്പത്തിക വർഷം മുതലാണ് ഫിഷറീസ് വകുപ്പ്

മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. 2018-19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തി. കൃത്യമായ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആണ് ഗുണഭോക്താക്കളെ പദ്ധതിക്കായി തിരഞ്ഞെടുത്തിരുന്നത്. മാർഗ്ഗ രേഖയിൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ള ഗുണഭോക്താക്കളുടെ യാനങ്ങൾക്ക് മാത്രമാണ് പദ്ധതി പ്രകാരം ഇൻഷുറൻസ് അനുവദിച്ചിരുന്നത്. നിലവിലെ മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.

- മോട്ടോർ ഘടിപ്പിച്ച കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന പരമ്പരാഗത യാനങ്ങളെയും എഞ്ചിനുകളെയുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- 10 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത യാനങ്ങളും എഞ്ചിനുകളുമാണ് പദ്ധതിക്കായി പരിഗണിക്കുന്നത്.
- മത്സ്യബന്ധന യാനത്തിനും എഞ്ചിനും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടായിരിക്കണം.
- കെ.എം.എഫ്.ആർ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുവർത്തിച്ചുള്ള മത്സ്യബന്ധന യാനവും എഞ്ചിനും ആയിരിക്കേണ്ടതും, ആയത് പ്രകാരമുള്ള മത്സ്യബന്ധന വലയും മറ്റ് ഉപകരണങ്ങളും മാത്രം ഉപയോഗിക്കുന്നതും ആയിരിക്കേണ്ടതാണ്.
- യാനത്തിന്റെ ഉടമസ്ഥൻ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നിലവിലുള്ള ആൾ ആയിരിക്കണം.
- യാനം പ്രവർത്തിക്കുന്നത് കേരള തീരത്തുള്ള ലാൻഡിംഗ് സെന്റർ/ഹാർബർ കേന്ദ്രീകരിച്ചായിരിക്കണം.
- ഒരു മത്സ്യത്തൊഴിലാളിയുടെ പരാമാവധി രണ്ട് യാനവും, ഒരു യാനത്തിന് പരമാവധി ഒരു എഞ്ചിനും മാത്രം ആനുകൂല്യം ലഭ്യമാകുന്നതാണ്.
- ഇൻഷുറൻസ് പരിരക്ഷ ഒരു വർഷത്തേക്കായിരിക്കും.
- യാനവും എഞ്ചിനും ഒരുമിച്ചുള്ള പൂർണ്ണമോ ഭാഗികമോ ആയ അപകടത്തിനോ യാനം മാത്രമായുള്ള പൂർണ്ണമോ ഭാഗീകമോ ആയ അപകടങ്ങൾക്കാണ് ക്ലെയിം ലഭ്യമാകുന്നത്. എഞ്ചിന് മാത്രമായുള്ള അപകടം ക്ലെയിമിനായി പരിഗണിക്കുന്നതല്ല.

നിശ്ചിത അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം എന്നിവയുടെ പകർപ്പ് ഉൾപ്പെടെ അതാത് മത്സ്യഭവൻ ഓഫീസിൽ ഗുണഭോക്തൃ വിഹിതം അടച്ച് മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയിൽ അംഗമാകാവുന്നതാണ്.

2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധ യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി തുടങ്ങിയെങ്കിലും, 2018 ഡിസംബർ 19-ന് മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകിയ ശേഷം ആണ് പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. ആദ്യ വർഷങ്ങളിൽ മത്സ്യതൊഴിലാളികളുടെ ഇടയിൽ പദ്ധതിയെ സംബന്ധിച്ചുള്ള ബോധവൽക്കരണം താരതമ്യേന കുറവായിരുന്നു. തുടർ വർഷങ്ങളിൽ മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് മതിയായ

ബോധവൽക്കരണം നടത്തിയതിന് ശേഷം ആണ് കൂടുതൽ മത്സ്യത്തൊഴിലാളികൾ പദ്ധതിയിൽ അംഗമാകാൻ തുടങ്ങിയത്.

ഈ കാരണങ്ങൾ കൊണ്ട് തന്നെ 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ 10% ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതിയിൽ അംഗമാകാൻ മുന്നോട്ടു വന്നിരുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം കുറവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഹിതമായി ചെലവഴിച്ച തുകയും പിൻ വർഷങ്ങളിലേതിനെക്കാളും താരതമ്യേന കുറവായിരുന്നു.

(20.3.2025-ലെ സമിതി യോഗം അംഗീകരിച്ചു)

**ഖണ്ഡിക 24**

**ശിപാർശ**

കടലാക്രമണം മൂലം വള്ളവും വലയും നഷ്ടപ്പെട്ട പരാതിക്കാരന് (ശ്രീ.സേവ്യർ മരിയദാസൻ) അർഹമായ നഷ്ട പരിഹാരത്തുക നൽകേണ്ടതാണെന്ന് സമിതി വിലയിരുത്തുകയും ഇക്കാര്യത്തിൽ കടലാക്രമണത്തിൽ നഷ്ടപ്പെട്ട ബോട്ടിന്റെ നഷ്ടം കണക്കാക്കി ടിയാന് നഷ്ടപരിഹാരം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

(മത്സ്യബന്ധന തുറമുഖ വകുപ്പ് (ബി), 28.02.2022-ലെ ബി3/68/2021/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ശ്രീ. സേവ്യർ മരിയദാസൻ, കടപ്പുറം പുറമ്പോക്ക്, പോർട്ടു കൊല്ലം, എന്നയാളുടെ വള്ളവും വലയും അനുബന്ധ ഉപകരണങ്ങളും സുനാമിയിൽ നഷ്ടപ്പെട്ടതിനുള്ള യഥാർത്ഥ നഷ്ടം കണക്കാക്കി അതിന്റെ അടിസ്ഥാനത്തിലാണ് മത്സ്യഫെഡിൽ നിന്നും 6250/- രൂപയുടെ മത്സ്യബന്ധന ഉപകരണങ്ങൾ അനുവദിച്ചു നൽകിയിട്ടുള്ളത്. കൂടാതെ, മുൻ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി മുഖേന 10,000/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ടിയാന് മറ്റ് നഷ്ടപരിഹാരത്തിന് അർഹതയില്ലാത്തതാണ്.

(31.3.2022-ലെ സമിതി യോഗം അംഗീകരിച്ചു)

**ഖണ്ഡിക 27**

**ശിപാർശ**

മത്സ്യ സുരക്ഷാ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന ബോട്ടുകൾ, വള്ളങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ ഇൻഷ്വർ ചെയ്യുന്ന നടപടി മാൻഡേറ്ററി

ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്,

28.02.2022-ലെ ബി 3/68/2021/മ.തു.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)

2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് ഒരു കോടി രൂപയുടെ അനുമതി നൽകി പൊതുമേഖല സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പിലാക്കി വരികയുമാണ്. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആദ്യ ഘട്ടമായി ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിരുന്നത്. 2018-19 ൽ 647, 2019-20 ൽ 856, 2020-21 ൽ 924, 2021-22 ൽ 525 മത്സ്യത്തൊഴിലാളികൾ ഗുണഭോക്താക്കളാവുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 2 കോടി രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

(31.3.2022-ലെ സമിതി യോഗം അംഗീകരിച്ചു)

**ഖണ്ഡിക 30**

**ശിപാർശ**

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മുഴുവൻ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ. വിഭാഗമായി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

(ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്, 09.10.2020-ലെ 4466182/ബി3/2020/ ഭ.പൊ.വി.വ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

മുമ്പ് തദ്ദേശസ്വയം ഭരണ വകുപ്പ് തയ്യാറാക്കിയിരുന്ന ബി.പി.എൽ. പട്ടികയെ അടിസ്ഥാനമാക്കിയാണ് ബി.പി.എൽ. റേഷൻകാർഡ് വിതരണം നടത്തിയിരുന്നത്. എന്നാൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ/എ.പി.എൽ. വിഭാഗത്തിനു പകരമായി മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങൾ നിലവിൽ വരുകയും ആയതു

പ്രകാരമുള്ള മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി മാനദണ്ഡം പരിഷ്കരിച്ച് നൽകുകയുമുണ്ടായി. പ്രസ്തുത മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത പരമ്പരാഗത/അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങളെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി റേഷൻകാർഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്ന വിവരം സമിതിയെ അറിയിക്കുന്നു. (8.12.2021-ലെ സമിതി യോഗം അംഗീകരിച്ചു)

**ഖണ്ഡിക 32**

**ശിപാർശ**

"കടൽക്ഷോഭം " ഡിസാസ്റ്റർ മാനേജ്മെന്റിൽ ഉൾപ്പെടുത്തി കടലാക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്ക് കേന്ദ്രസഹായം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

(ദുരന്ത നിവാരണ (എ) വകുപ്പ് 17.03.2021-ലെ ഡി. എം. എ 3/425/2018/ ഡി.എം.ഡി നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

23.07.2015-ലെ സ. ഉ. (കൈ) നം. 343/2015 ഡി. എം. ഡി. ഉത്തരവ് പ്രകാരം തീരശോഷണം (coastal erosion) എന്നത് ഒരു സംസ്ഥാന സവിശേഷ ദുരന്തം (State Specific Local Disaster) ആയി പ്രഖ്യാപിച്ചിട്ടുണ്ട്. അത് പ്രകാരം കടൽക്ഷോഭത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായത്തിന് (relief assistance) ദുരന്ത ബാധിതർക്ക് അർഹത ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ 02.06.2018-ലെ സ.ഉ.(കൈ) നം. 6/2018/ ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കടൽക്ഷോഭത്തിൽ സ്ഥലവും വീടും നഷ്ടപ്പെടുന്ന തീരദേശവാസികളുടെ പുനരധിവാസത്തിനായി നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

(8.12.2021-ലെ സമിതി യോഗം അംഗീകരിച്ചു)

**ഖണ്ഡിക 38**

**ശിപാർശ**

ചില ഗ്രാമപഞ്ചായത്ത് മേഖലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ /ഫിഷർമെൻ വിഭാഗക്കാരുടെ ബി.പി.എൽ മാനദണ്ഡം പരിഗണിച്ച സമിതി, ഗ്രാമപഞ്ചായത്തിലെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം പ്രസ്തുത പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ 25% അധികരിക്കരുത് എന്ന പ്ലാനിംഗ് കമ്മീഷന്റെ നിബന്ധന പട്ടികജാതി -

പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതൽ അധിവസിക്കുന്ന പഞ്ചായത്തുകളിലും മത്സ്യ ത്തൊഴിലാളികൾ ഭൂരിപക്ഷമുള്ള തീരദേശ പഞ്ചായത്തുകളിലും പ്രാവർത്തിക മാക്കുവാൻ സാധിക്കില്ലെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവരെ ഇത്തരം നിർദേശം ദോഷകരമായി ബാധിക്കുമെന്നതിനാൽ, പ്ലാനിംഗ് കമ്മീഷന്റെ പ്രസ്തുത നിബന്ധന പുന:പരിശോധിക്കണമെന്ന് പ്ലാനിംഗ് കമ്മീഷനോട് ആവശ്യപ്പെടണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

(തദ്ദേശ സ്വയംഭരണ വകുപ്പ് (ഡിഡി) വകുപ്പ്, 14.06.2023-ലെ ഡിഡി3/35/2021/എൽ.എസ്.ജി.ഡി. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

നിലവിൽ ബി. പി. എൽ. പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ ഉൾപ്പെടാൻ അർഹതയുള്ളതുമായ കുടുംബങ്ങളെ, മാനദണ്ഡങ്ങൾ പ്രകാരം, ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ട്. ആവശ്യമെങ്കിൽ പ്രത്യേക ഫീൽഡ് പരിശോധന നടത്തിയും ഇവരെ അർഹതാ മാനദണ്ഡം ഉറപ്പുവരുത്തി ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

നിലവിൽ രാജ്യത്ത് ആസൂത്രണ കമ്മീഷൻ ഇല്ല. അതിനാൽ ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെടണമെന്ന സമിതി ശിപാർശ ഇപ്പോൾ പ്രസക്തമല്ല. (8.11.2023-ലെ സമിതി യോഗം അംഗീകരിച്ചു)

**ഖണ്ഡിക 42**

**ശിപാർശ**

കായലുകളിൽ ശാസ്ത്രീയമായി ഡ്രഡ്ജിംഗ് നടത്തി കായലിന്റെ ആഴം വർദ്ധിപ്പിച്ചും ഫിഷറീസ് സർവ്വകലാശാലയുടെ സാങ്കേതിക സഹായം ലഭ്യമാക്കിയും മത്സ്യകൃഷി വ്യാപിപ്പിച്ച് മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് , 01.04.2023-ലെ സി1/81/2021/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കായലിൽ എക്കൽ അടിഞ്ഞുകൂടി ആഴം കുറയുന്നതും മലിനീകരണം സംഭവിക്കുന്നതും മത്സ്യ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് കായലിൽ ശാസ്ത്രീയമായി ഡ്രഡ്ജിംഗ് നടത്തി ആഴം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കായലുകളിലെ ഡ്രഡ്ജിംഗ് നടത്തുന്നത് ഇറിഗേഷൻ വകുപ്പ് ആണ്. ആയതിനാൽ സമിതി

ശുപാർശ ചെയ്ത പ്രകാരം നടപടി സ്വീകരിക്കുവാൻ ജലവിഭവ (ഇറിഗേഷൻ) വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കുഫോസിൽ നിന്ന് വൈദഗ്ധ്യമുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കി കായലുകളിൽ മത്സ്യകൃഷി വ്യാപിപ്പിച്ച് മൽസ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഫിഷറീസ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(17.05.2023-ലെ സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

**സമിതി ആരാഞ്ഞ അധികവിവരം**

മത്സ്യകൃഷി വ്യാപിപ്പിച്ച് മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് അധികവിവരം ആരാഞ്ഞു.

**അധിക വിവരത്തിനുള്ള മറുപടി**

(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് , 21.01.2025-ലെ സി1/154/2023/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

"കായലിന്റെ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനായും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിനായും വേമ്പനാട് കായലിലും മറ്റു 6 ജില്ലകളിലെ കായൽ/പുഴകളിലും "ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം" പദ്ധതി 2022-23 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ആയതിനു രണ്ടു വർഷങ്ങളിലായി 833 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിൽ 37 കക്ക/മത്സ്യ സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും 48 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ കായലിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷവും ടി പദ്ധതിക്കായി ഭരണാനുമതി ലഭിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ തുടർന്നു വരുകയും ചെയ്യുന്നു. തൽഫലമായി 2022-23 ൽ 85750 mT. 2023-24 ൽ 89577 mT ഉൽപ്പാദനം കൈവരിച്ചിട്ടുണ്ട്. (20.3.2025-ലെ സമിതി യോഗം അംഗീകരിച്ചു)

**ഖണ്ഡിക 45**

**ശിപാർശ**

മത്സ്യബന്ധനോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കു നിലവിലെ മാനദണ്ഡം പ്രകാരം അനുവദിക്കുന്ന Rs.6200/- അപര്യാപ്തമാണ്. ആയതിനാൽ ഇത്തരം സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്കു നാശനഷ്ടത്തിനു അനുസരണമായി അർഹമായ നഷ്ടപരിഹാരം അനുവദിക്കണമെന്ന സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

(മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്,

28.02.2022-ലെ ബി 3/68/2021/മ.തു.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഫീൽഡ് തല ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്. എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകാൻ സാധിക്കുന്നത്.

കടൽ ക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നീ ജീവനോപാധികൾ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പരമാവധി 2,00,000/- രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പരമാവധി 1,00,000/- രൂപയും വള്ളം, ബോട്ട് എന്നിവ ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1,00,000/- രൂപയും കട്ട മരം ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 20,000/- രൂപയും ആക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വരുന്ന ധനസഹായം വർദ്ധിപ്പിച്ച 08/02/2020-ൽ ഉത്തരവായിട്ടുണ്ട്. (31.03.2022-ലെ സമിതി യോഗം അംഗീകരിച്ചു)

**<u>അദ്ധ്യായം - II</u>**

**<u>സമിതി ശിപാർശയിന്മേൽ ആരാഞ്ഞ അധികവിവരങ്ങളിൻമേൽ മറുപടി ലഭ്യമാക്കാത്തവ</u>**

**ഖണ്ഡിക 42**

**ശിപാർശ**

കായലുകളിൽ ശാസ്ത്രീയമായി ഡ്രഡ്ജിംഗ് നടത്തി കായലിന്റെ ആഴം വർദ്ധിപ്പിച്ചും ഫിഷറീസ് സർവ്വകലാശാലയുടെ സാങ്കേതിക സഹായം ലഭ്യമാക്കിയും മത്സ്യകൃഷി വ്യാപിപ്പിച്ച് മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

(മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് , 01.04.2023-ലെ സി1/81/2021/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കായലിൽ എക്കൽ അടിഞ്ഞുകൂടി ആഴം കുറയുന്നതും മലിനീകരണം സംഭവിക്കുന്നതും മത്സ്യ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് കായലിൽ ശാസ്ത്രീയമായി ഡ്രഡ്ജിംഗ് നടത്തി ആഴം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കായലുകളിലെ ഡ്രഡ്ജിംഗ് നടത്തുന്നത് ഇറിഗേഷൻ വകുപ്പ് ആണ്. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം നടപടി സ്വീകരിക്കുവാൻ ജലവിഭവ (ഇറിഗേഷൻ) വകുപ്പിനോട്

ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കുഫോസിൽ നിന്ന് വൈദഗ്ധ്യമുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കി കായലുകളിൽ മത്സ്യകൃഷി വ്യാപിപ്പിച്ച് മൽസ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഫിഷറീസ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(17.05.2023-ലെ സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

**സമിതി ആരാഞ്ഞ അധികവിവരം**

കായലുകളിൽ ശാസ്ത്രീയമായി ഡ്രഡ്ജിംഗ് നടത്തി ആഴം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് ജലവിഭവ വകുപ്പിനോട് അധികവിവരം ആരാഞ്ഞു.

തിരുവനന്തപുരം
2025 മാർച്ച് 20

പി.പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.